ബാക്ക്‌വാട്ടർ ട്രാൻസ്പോർട്ടിംഗ് വക്കം

*125. [33] ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി : താഴെ പറയുന്ന ചോദ്യത്തിന് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പി. ഡബ്ല്യു. ഡി. ഏലക്ട്രിസിറ്റി ഏന്നീ ഡിപ്പാർട്ടുമെൻറുകളിലെ ബാക്ക്‌വാട്ടർ ട്രാൻസ്പോർട്ടിംഗ് വക്കുകം തിരുവിതാംകൂർ-കൊച്ചി നാവികത്തൊഴിലാളി സഹകരണസംഘത്തിനു നിലവിലുള്ള റേറ്റു വിട്ടുകൊടുക്കുമെന്ന നിവേദനം കിട്ടിയിട്ടുണ്ടോ, ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) : തിരുവിതാംകൂർ-കൊച്ചി നാവികത്തൊഴിലാളി സഹകരണസംഘം 8699-ാംനമ്പരിൽനിന്നും ഒരു നിവേദനം ലഭിച്ചിട്ടുണ്ട്. അതിന്റെ മറുപടിയായി ഇതു ടെൻഡർവിളിച്ചാണ് നൽകുന്നതെന്ന് പറഞ്ഞിട്ടുണ്ട്.

ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി : ഡിപ്പാർട്ടുമെൻറിൽ പരിചയസമ്പന്നരായ കോൺട്രാക്ടർമാരാണ് കോൺട്രാക്ടുകൾ കൊടുത്തുവരുന്നതെന്നറിയാമോ?

ശ്രീ. കെ. ഐ. വേലായുധൻ : അങ്ങനെയല്ല.

ശ്രീ. പ്രാക്കുളം ഭാസി : ഇങ്ങനെ ടെൻഡർ വിളിച്ച് കോൺട്രാക്ടു കൊടുക്കുന്നതു ഈ സംഘങ്ങളെക്കൊണ്ട് ഈ ജോലി നടത്തിക്കുവാൻ സാധിക്കുമോ?

ശ്രീ. കെ. ഐ. വേലായുധൻ : കഴിയുകയില്ല.

ശ്രീ. പ്രാക്കുളം ഭാസി : ഒന്നാം പഞ്ചവത്സരപദ്ധതിയനുസരിച്ച് സഹകരണസംഘങ്ങൾക്ക് ഈ മാതിരി കാര്യങ്ങളിൽ പ്രോത്സാഹനം നൽകേണ്ടതല്ലേ?

ശ്രീ. കെ. ഐ. വേലായുധൻ : ഈ കാര്യത്തിനു നോട്ടീസ് കൂടാതെ പറയാൻ സാധിക്കുകയില്ല.

ശ്രീ. പ്രാക്കുളം ഭാസി : പ്രോത്സാഹനം നൽകേണ്ടതല്ലേ എന്നാണ് ചോദിച്ചതു്.

ശ്രീ. കെ. ഐ. വേലായുധൻ : നൽകേണ്ടതാണ്. പക്ഷേ ഈ മാതിരി കാര്യങ്ങളിൽ അതു് എത്രമാത്രം പ്രായോഗികമാണെന്നു നോട്ടീസ് കൂടാതെ പറയാൻ സാദ്ധ്യമല്ല.

ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി : അമ്പതിനായിരം രൂപവരെയുള്ള കോൺട്രാക്ടുകൾ ടെൻഡർ വിളിക്കാതെ സഹകരണസംഘങ്ങൾക്കു കൊടുക്കാമെന്നു് വ്യവസ്ഥയില്ലേ?

ശ്രീ. കെ. ഐ. വേലായുധൻ : ഉണ്ടെന്നാണ് തോന്നുന്നതു്.

ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി : അതു് ഇരുപത്തഞ്ചായിരം രൂപവരെ എന്നാക്കണമെന്ന നിവേദനം ലഭിച്ചിട്ടില്ലേ?

ശ്രീ. കെ. ഐ. വേലായുധൻ : നോട്ടീസ് കൂടാതെ പറയാൻ സാധിക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly